©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2020 ആഗസ്റ്റ് 25<br>25th August 2020<br>1196 ചിങ്ങം 9<br>9th Chingam 1196<br>1942 ഭാദ്രം 3<br>3rd Bhadra 1942 | നമ്പർ<br>No. | 34 |

# PART III

# Forest Department

### വയനാട് വൈൽഡ്‌ലൈഫ് ഡിവിഷൻ

പരസ്യം

നമ്പർ ഡബ്ല്യു.(4)-4304/2014. 2020 ജൂലൈ 22.

2-6-2014-ന് മുത്തങ്ങ ചെക്ക്പോസ്റ്റിൽ നടത്തിയ പരിശോധനയിൽ അനധികൃതമായി സർക്കാർ വനത്തിൽ നിന്നും ശേഖരിച്ച 3880 കിലോഗ്രം കറപ്പ, കുളിർമാവ് തൊലികളും ആയവ കടത്തിക്കൊണ്ട് പോകാൻ ഉപയോഗിച്ച KED 3654 നമ്പർ ലോറിയും കസ്റ്റഡിയിൽ എടുക്കുകയും വിശദമായി പരിശോധിച്ച് മഹസ്സർ തയ്യാറാക്കി അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡൻ, മുത്തങ്ങ 1961-ലെ കേരള വനം നിയമം സെക്ഷൻ 61 A പ്രകാരം നടപടി സ്വീകരിക്കുന്നതിനായി ഓതറൈസ്ഡ് ഓഫീസർ മുമ്പാകെ ഹാജരാക്കിയിട്ടുള്ളതുമാണ്.

ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അന്വേഷണത്തിൽ KED 3654 നമ്പർ ലോറി അനധികൃതമായി കറപ്പ, കുളർമാവ് തൊലികൾ കടത്തുന്നതിന് ഉപയോഗിച്ചിട്ടുണ്ടെന്ന് ഉത്തമ ബോധ്യം വന്നതിനാൽ മേൽ വാഹനവും തൊണ്ടി സാധനങ്ങളും സർക്കാരിലേക്ക് കണ്ട് കെട്ടുവാൻ തീരുമാനിച്ചിരിക്കുന്നു.

ഇതിനെതിരായി താഴെ പറയുന്നവർക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ 29-10-2015-ാം തീയതിയിൽ ഓതറൈസ്ഡ് ഓഫീസർ & ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ & വൈൽഡ്‌ലൈഫ് വാർഡൻ മുമ്പാകെ ഹാജരാകുവാൻ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

1. KED 3654 നമ്പർ വാഹനത്തിന്റെ ആർ. സി. ഉടമയായ ഹാജി വി. കെ. മൊയ്തു & കമ്പനി 18/51 എ, സമോറിൻസ് കോളേജ്, നോർത്ത് റോഡ്, കോഴിക്കോട് എന്നവർക്ക്
2. ബഷീർ s/o മൊയ്തു, തുരുത്തിയിൽ വീട്, കാരക്കാമല പി. ഒ., അഞ്ചുകുന്ന് എന്നവർക്ക്
3. മധുസൂദനൻ s/o ഗോവിന്ദൻ നായർ, ചാലുമ്പാട്ടിൽ വീട്, കായലം പി. ഒ., മാവൂർ, കോഴിക്കോട് എന്നവർക്ക്
4. ഉസ്മാൻ s/o അബ്ദുള്ള, പാലത്ത്കുറ്റിയിൽ വീട്, പാലത്ത് പി. ഒ., ചേളന്നൂർ, കോഴിക്കോട് എന്നവർക്ക്
5. ഷിഹാബ്, കാഞ്ഞായിൽ വീട്, അഞ്ചുകുന്ന് പി. ഒ., പനമരം എന്നവർക്ക്

Gaz. No. 34/2020/DTP (Forest).

ഹാജി വി. കെ. മൊയ്തു & കമ്പനിയ്ക്ക് വേണ്ടി എ. റ്റി. വൽസൻ എന്നയാൾ 29-10-2015-ാം തീയതിയിൽ ഓതറൈസ്ഡ് ഓഫീസർ മുമ്പാകെ ഹാജരായിട്ടുണ്ട്. മറ്റ് നാല് പ്രതികളിൽ ഷിഹാബ് ഒഴികെയുള്ളവർ നോട്ടീസ് കൈപ്പറ്റിയിട്ടും ഓതറൈസ്ഡ് ഓഫീസർ മുമ്പാകെ ഹാജരായിട്ടില്ല. ഷിഹാബ് എന്നയാൾ നോട്ടീസ് കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഇനിയൊരറിയിപ്പില്ലാതെ തന്നെ ടിയാളുകൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വാഹനം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഒപ്പ്)

വയനാട് വന്യജീവി സംരക്ഷക കാര്യാലയം,
സുൽത്താൻബത്തേരി.

ഓതറൈസ്ഡ് ഓഫീസർ. &
ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ &
വൈൽഡ്‌ലൈഫ് വാർഡൻ.

---

## ആറളം വൈൽഡ്‌ലൈഫ് ഡിവിഷൻ

ദർഘാസ് പരസ്യം

നമ്പർ എ2-1257/2020. 2020 ജൂലൈ 23.

കേരള ഗവർണ്ണർക്കുവേണ്ടി ആറളം വൈൽഡ്‌ലൈഫ് ഡിവിഷന്റെ കീഴിൽ 2020-21 സാമ്പത്തിക വർഷം താഴെ ചേർത്തിരിക്കുന്ന സിവിൽ ജോലി ഏറ്റെടുത്ത് നടത്തുന്നതിന് മത്സരാടിസ്ഥാനത്തിലുള്ള മുദ്രവച്ച ദർഘാസുകൾ താഴെ കാണിച്ചിരിക്കും വിധത്തിലുള്ള സമയപരിധിക്കുള്ളിൽ പൊതുമരാമത്ത് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും വയർലസ് പോലുള്ള ഉപകരണങ്ങളുടെ സ്ഥാപനവും അറ്റകുറ്റപ്പണികളും ചെയ്യുന്നതിൽ പ്രാവീണ്യവും ലൈസൻസുമുള്ള കരാറുകാരിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു.

പ്രവൃത്തിയുടെ പേര്—ആറളം വൈൽഡ്‌ലൈഫ് റെയ്ഞ്ചിലെ വയർലസ് സിസ്റ്റം പ്രവർത്തനത്തിനാവശ്യമായ സാധനങ്ങൾ വാങ്ങിക്കൽ.

ഏകദേശ അടങ്കൽ തുക—₹ 77,000.

നിരതദ്രവ്യം—₹ 1,950.

ദർഘാസ് ഫോറത്തിന്റെ വില—₹ 500 + വി. നി.

ദർഘാസ് ഫോറങ്ങൾ നൽകുന്ന തീയതിയും സമയവും—24-8-2020 മുതൽ 7-9-2020 പകൽ 1 മണി വരെ.

ദർഘാസ് ഫോറങ്ങൾ സ്വീകരിക്കുന്ന തീയതിയും സമയവും—7-9-2020 ഉച്ചകഴിഞ്ഞ് 3 മണി.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—7-9-2020 ഉച്ചകഴിഞ്ഞ് 3.30 മണി.

ഏതെങ്കിലും കാരണവശാൽ 7-9-2020 ന് ദർഘാസ് നടക്കാതെ വരികയാണെങ്കിൽ താഴെ പറയുന്ന തീയതികളിലും സമയത്തും ദർഘാസ് നടക്കുന്നതാണ്.

ദർഘാസ് ഫോറങ്ങൾ നൽകുന്ന പകരം തീയതിയും സമയവും—11-9-2020 ഉച്ചകഴിഞ്ഞ് 1 മണി വരെ

ദർഘാസ് ഫോറങ്ങൾ സ്വീകരിക്കുന്ന പകരം തീയതിയും സമയവും—11-9-2020 ഉച്ചകഴിഞ്ഞ് 3 മണി വരെ.

ദർഘാസ് ഫോറങ്ങൾ തുറക്കുന്ന പകരം തീയതിയും സമയവും—11-9-2020 ഉച്ചകഴിഞ്ഞ് 3.30 മണി വരെ

ദർഘാസ് നൽകുന്ന പകരം തീയതിയും സമയവും—16-9-2020 ഉച്ചകഴിഞ്ഞ് 1 മണി വരെ.

ദർഘാസ് സ്വീകരിക്കുന്ന പകരം തീയതിയും സമയവും—16-9-2020 ഉച്ചകഴിഞ്ഞ് 3 മണി.

ദർഘാസ് തുറക്കുന്ന പകരം തീയതിയും സമയവും—16-9-2020 ഉച്ചകഴിഞ്ഞ് 3.30 മണി.

ഉടമ്പടി തീയതി മുതൽ 1 മാസത്തിനകം ജോലികൾ പൂർത്തിയാക്കേണ്ടതാണ്.

ആറളം വൈൽഡ്‌ലൈഫ് വാർഡനോ, അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റു ഉദ്യോഗസ്ഥനോ നിർദ്ദിഷ്ട തീയതിയിലും സമയത്തും ദർഘാസുകൾ തുറക്കുന്നതായിരിക്കും. ടി ദിവസം പൊതു അവധി ആയി വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയം വരെ ദർഘാസ് ഫോറങ്ങൾ വിതരണം ചെയ്യുന്നതും സ്വീകരിക്കുന്നതും തുറക്കുന്നതു മായിരിക്കും. വയർലസ്, വാക്കിടോക്കി പോലുള്ള ഉപകരണങ്ങളുടെ സ്ഥാപനവും അറ്റകുറ്റപണികളും ചെയ്യുന്നതിൽ പ്രാവീണ്യവും ലൈസൻസുമുള്ളവരുമായ കരാറുകാർ ടെണ്ടർ രേഖകൾക്കൊപ്പം ഇത്തരത്തിലുള്ള പ്രവൃത്തികൾ മുമ്പ് സർക്കാർ തലത്തിൽ ഏറ്റെടുത്ത് പൂർത്തീകരിച്ചതിനുള്ള പ്രവൃത്തി പരിചയസർട്ടിഫിക്കറ്റുകളും ലൈസൻസും കൂടി സമർപ്പിക്കേണ്ടതാണ്. എങ്കിൽ മാത്രമേ ടെണ്ടർ അംഗീകരിക്കുകയുള്ളു. ദർഘാസ് ഫോറങ്ങൾ യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. നിരതദ്രവ്യം ഏതെങ്കിലും ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കിൽ നിന്നുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ആയി ആറളം വൈൽഡ്‌ലൈഫ് വാർഡന്റെ പേരിൽ പണയപ്പെടുത്തി ദർഘാസിനോടൊപ്പം ഹാജരാക്കേണ്ടതാണ്. ഇപ്രകാരമല്ലാത്ത നിരതദ്രവ്യം സ്വീകാര്യമല്ല. ദർഘാസ് കവറിന്റെ പുറത്ത് പ്രവർത്തിയുടെ പേര് രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്. ദർഘാസിനോടൊപ്പം ₹ 200 മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്. യാതൊരു കാരണവും രേഖപ്പെടുത്താതെ ദർഘാസ് നിരസിക്കുന്നതിനുള്ള അവകാശം വൈൽഡ്‌ലൈഫ് വാർഡനിൽ നിക്ഷിപ്തമായിരിക്കും.

ഈ ദർഘാസ് പരസ്യം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ആറളം വൈൽഡ്‌ലൈഫ് ഡിവിഷൻ ഓഫീസിൽ പ്രവർത്തി ദിവസങ്ങളിലും (ഫോൺ : 0490-2493160) www.keralaforest.org എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.

No. A2-1257/2020. *23rd July 2020.*

Sealed competitive tenders superscribing name of works are invited till 3 p. m. on 7-9-2020 by the undersigned from approved certified experienced persons for the below mentioned work in the Aralam Wildlife Sanctuary for and on behalf of Governor of Kerala. Tender forms can be had from the office of the undersigned till 1 p. m. on the date of tender on payment of its cost. The last date and time of receipt of tender in

sealed cover is 3 p. m. on 7-9-2020. The tender will be opened at 3.30 p. m. in the presence of the tenderers present at that time. In case the tender is not materialized due to unforeseen reasons, it will be conducted on 11-9-2020 at the same time and place. If it is not materialized on, 11-9-2020 the same would be conducted on 16-9-2020.

Name of work—Purchase of materials for wireless system in Aralam Wildlife Range during the year 2020-21.

Approximate Estimate Amount—₹ 77,000.

EMD—₹ 1,950.

Cost of tender form—₹ 500 + VAT.

Period of completion—1 month from the date of agreement.

The cost of tender forms will not be refunded. EMD will be accepted through DD taken from any of the Nationalized /scheduled Bank duly pledged in favour of Wildlife Warden, Aralam Wildlife Division. The nane of the work should be superscribed on the sealed cover. A certificate of previous completed works as repairing of wireless and copy of licence should be attached along with the tender documents. Without these certificate the tender may be rejected. All the conditions prevailing in Kerala Public Works Department will be applicable to this works also. Tender forms are not transferable. Tender should be submitted along with a preliminary agreement signed and executed in Stamp Paper worth ₹ 200. Incomplete and tender without prescribed EMD or tender received after the stipulated time are liable to be rejected summorily. The undersigned reserves the right to reject the tender without assigning any reason thereof.

More details can be had from O/o the Wildlife Warden, Aralam Wildlife Division, Iritty, (Ph : 0490-2493160) or O/o the Asst. Wildlife Warden, Aralam Farm (P. O.), Valayamchal (Ph : 0490-2413160) during the working hours and also from the website www.keralaforest.org.

Office of the Wildlife Warden,
Aralam Wildlife Division, (Sd.)
Iritty P. O. *Wildlife Warden.*